പി.റ്റി. 27202/16.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 30.6.2016

## സർക്കുലർ 21/16.

വിഷയം. സഹകരണവകുപ്പ് – അന്തർ ദേശീയ സഹകരണ ദിനം– ജൂലൈ 2– സ്റ്റിക്കറുകൾ സർക്കിൾ സഹകരണ യൂണിയനുകൾ മുഖാന്തരം വിൽപ്പന നടത്തുന്നത് സർക്കിൾ തലത്തിൽ പരിപാടികൾ –സംഘടിപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന. സംസ്ഥാന സഹകരണ യൂണിയൻ അഡീഷണൽ രജിസ്ട്രാർ /സെക്രട്ടറിയുടെ 15.6.2016–ലെ പി.ആർ/3651/2016 നം. കത്ത്.

.......

ദേശീയ സഹകരണ യൂണിയൻ 2016– ജൂലൈ 2 അന്തർദേശീയ സഹകരണ ദിനമായി ആചരിക്കുന്നതിനും ആയതിന്റെ ഭാഗമായി അതത് സംസ്ഥാന സഹകരണ യൂണിയനുകൾ പരമാവധി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിരിക്കുന്നു. സഹകരണ സംഘങ്ങൾ സുസ്ഥിര വികസനത്തിന്റെ ശക്തി ശ്രോതസ്സുകൾ എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. പ്രസ്തുത പ്രചരണ പരിപാടിയുടെ ഭാഗമായി സംസ്ഥാന സഹകരണ യൂണിയൻ അന്തർ ദേശീയ സഹകരണ ദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ലോഗോ ഉൾപ്പെടുത്തി സ്റ്റിക്കർ പുറത്തിറക്കുന്നുണ്ട്. ഈ സ്റ്റിക്കറുകൾ സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകൾ, സഹകരണ പരിശീലന കേന്ദ്രങ്ങൾ ,കോളേജുകൾ, കിക്മ എന്നിവ മുഖാന്തരം വിൽപ്പന നടത്താവുന്നതും, സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകളുടെ ഭരണസമിതി നിലവിലില്ലാത്ത സാഹചര്യത്തിൽ ടി സർക്കിളുകളുടെ അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് വഹിക്കുന്ന ഓഫീസർ സ്റ്റിക്കറുകൾ സംസ്ഥാന സഹകരണ യൂണിയനിൽ നിന്നും വാങ്ങി വിൽപ്പന നടത്തുന്നതിനും അന്തർദേശീയ സഹകരണ ദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കിൾ തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള നടപടി കൈകൊള്ളണമെന്ന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)

എസ്.ലളിതാംബിക.ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ.

പകർപ്പ്

1. സംസ്ഥാന സഹകരണ യൂണിയൻ.
2. എല്ലാ സർക്കിൾ സഹകരണ യൂണിയൻ.
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
4. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
5. ആഡിറ്റ് ഡയറക്ടറേറ്റ്.
6. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
7. സഹകരണസംഘം അഡീഷണൽ രജിസ്ട്രാറുടെ മേശപ്പുറത്ത്

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിൻ.എ)